വയനാട് ജില്ലയിലെ അനധികൃത മദ്യ നിർമ്മാണം

102 (103) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ അനധികൃത മദ്യ നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഈ വർഷത്തെ മദ്യനയം നടപ്പാക്കിയതിനുശേഷം ജില്ലയിൽ അനധികൃത മദ്യത്തിന്റെ നിർമ്മാണം, അന്തർ സംസ്ഥാന മദ്യ കടത്ത് എന്നിവ വർദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ജില്ലയിൽ അനധികൃത മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സുൽത്താൻബത്തേരി റെയ്ഞ്ചിന്റെ വനാതിർത്തികളിലും സമീപ പ്രദേശങ്ങളിലും അനധികൃത മദ്യനിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിൽ എക്സൈസ് വകുപ്പ് 60 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിൽ 8 പേരെ പ്രതിചേർത്തിട്ടുള്ളതും 120 ലിറ്റർ ചാരായം 4045 ലിറ്റർ വാഷ് എന്നിവ തൊണ്ടി മുതലായി പിടിച്ചെടുത്തിട്ടുമുണ്ട്.

(സി & ഡി) നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, റെയ്ഡുകൾ, രഹസ്യ വിവരശേഖരണം ഇവ നടത്തി കുറ്റകൃത്യങ്ങൾ അമർച്ചചെയ്തു വരുന്നുണ്ട്. അന്തർ സംസ്ഥാന ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കുകയും, അതിർത്തി പ്രദേശങ്ങളിൽ പട്രോളിംഗ്, പോലീസ്, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തിവരുന്നുണ്ട്.

മദ്യനയം

103 (104) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly